29. 'മരണശിക്ഷയുടെ ഉത്ഭവംതന്നെ പ്രതികാരബുദ്ധിയിൽ നിന്നാണ്' സന്ദർഭവും ഈ അഭിപ്രായത്തിന്റെ ഔചിത്യവും പരിശോധിക്കുക.

30. "ആത്മത്യാഗത്തിന്റെ കീർത്തി ഞാൻ കൊതിക്കുന്നില്ല. ക്ഷത്രിയന്റെ കീർത്തിയ്ക്കാധാരം ശക്തിയത്രെ" - സന്ദർഭം വിശദമാക്കുക.

31. 'കേളു' എന്ന നാടകത്തിന്റെ രചനാലക്ഷ്യം എന്ത്?

(6 × 4 = 24 Marks)

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. തനത് നാടകവേദിയെ പരിചയപ്പെടുത്തി 'കറുത്ത ദൈവത്തെത്തേടി' എന്ന നാടകാവതരണത്തിന്റെ സാങ്കേതികത വ്യക്തമാക്കുക.

33. മലയാളത്തിലെ സ്ത്രീനാടകവേദിയുടെ ചരിത്രം വിവരിക്കുക.

34. ആദർശവാദത്തിന്റെ അനിവാര്യമായ ദുരന്തമാണ് 'ജനശത്രു'വിലെ മുഖ്യപ്രമേയം വിലയിരുത്തുക.

35. സാമൂഹിക പരിഷ്കരണയത്നത്തിൽ നാടകങ്ങൾക്കുള്ള പങ്ക് മറിയാമ്മ നാടകം, ഋതുമതി എന്നിവയെ മുൻനിർത്തി ചർച്ച ചെയ്യുക.

(2 × 15 = 30 Marks)

---



St. Xavier's College

(Pages : 4) **T – 1839**

**Reg. No. : ..............................**

**Name : ...................................**

## Sixth Semester B.A. Degree Examination, April 2024

## Career Related First Degree Programme under CBCSS

## Malayalam and Mass Communication

## Core Course

## MX 1642 : നാടകം : ചരിത്രം, പാഠം, പ്രയോഗം

## (2018-2020 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. സംസ്കൃതനാടകങ്ങളുടെ കേരളീയമായ അവതരണരീതിയ്ക്കു പറയുന്ന പേരെന്ത്?

2. 'സ്കൂൾ ഓഫ് ഡ്രാമ'യുടെ സ്ഥാപക ഡയറക്ടർ ആര്?

3. മലയാള നാടകങ്ങളുടെ ബഹുലതകണ്ട് മുൻഷി രാമകുറുപ്പ് രചിച്ച ആക്ഷേപഹാസ്യ നാടകം ഏത്?

4. നാടകത്തെ ഒരു രാഷ്ട്രീയ ആയുധമാക്കി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിൽ ആരംഭിച്ച സംഘടനയേത്?

5. 'ഭഗ്നഭവനം' - ആരുടെ നാടകം?

6. 'അമ്മായിയമ്മപ്പോര്' വിഷയമാക്കി മലയാളത്തിൽ എഴുതപ്പെട്ട ആദ്യകാല നാടകമേത്?

7. പോർട്ടുഗീസുകാർ കഥകളിയുടെ ദുർബ്ബലാനുകരണമായി അവതരിപ്പിച്ച കലാരൂപം ഏത്?

8. രാമായണത്തെ കേന്ദ്രീകരിച്ചുള്ള നാടകത്രയം ഏതെല്ലാം?

9. ദാവീദുരാജാവിനെ കേന്ദ്രകഥാപാത്രമാക്കി രചിക്കപ്പെട്ട മലയാളനാടകമേത്? നാടകകൃത്ത് ആര്?

10. മലയാളത്തിലെ ആദ്യത്തെ എക്സ്പ്രഷനിസ്റ്റ് നാടകമേത്?

**(10 × 1 = 10 Marks)**

II. ഏതെങ്കിലും **എട്ടു** ചോദ്യത്തിന് **ഒരു** ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

11. പ്രഹസനം എന്നാൽ എന്ത്? മലയാളത്തിലെ പ്രഹസനങ്ങളെ പരിചയപ്പെടുത്തുക.

12. "സ്വപ്നമിക്കണ്ടതെന്നാകിൽ
ധന്യത്വമുണരായ്കതാൻ;
ഭ്രമമാണെങ്കിലോ പിന്നെ,
ഭ്രമമേ മതി ശാശ്വതം". - സന്ദർഭമെഴുതുക.

13. "അഭിവൃദ്ധീടെ മാർഗ്ഗം അത്ര സുഖള്ളതൊന്നല്ല; കല്ലും മുള്ളും - ഒക്കേണ്ടാവും അതൊക്കെ ചവിട്ടിമെതിച്ചു മുമ്പോട്ടു പോണം" - ആരുടെ വാക്കുകൾ? സന്ദർഭമേത്?

14. "ജനിക്കാനിരിക്കുന്നവരും മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരെക്കാൾ പ്രായം കൂടിയവരാണ്" - ആരുടെയാണ് ഈ ചിന്താഗതി?

15. "ഉള്ളിലെ ലങ്ക ദഹിപ്പിക്കാത്തവന് എന്തു നാടകം" - സന്ദർഭമേത്?

16. "മിക്ക കൊലപാതകികളും അനാഘ്രാതകുസുമങ്ങളാണ്" - സന്ദർഭമെഴുതുക.

17. അരീന തിയേറ്റർ - കുറിപ്പെഴുതുക.

18. "അമ്മയുടെ ധർമ്മമാവാമിത്.... കാലാകാലങ്ങളിൽ മക്കളെ തൊട്ടനുഗ്രഹിച്ച്.... അറിയാത്ത വഴികളിലേക്ക്, അഗാധമായ കാടുകളിലേക്ക് അവരുടെ ലക്ഷ്യങ്ങൾ തേടി അനുഗ്രഹിച്ചയയ്ക്കുക..." സന്ദർഭവും ആശയവുമെഴുതുക.



19. "കേകയത്തിൽ കുരുത്ത ഈ നഞ്ചുമരം ഇടിവാളാൽ ചിതറിത്തെറിക്കട്ടെ" - സന്ദർഭമെഴുതുക.

20. "തനിയെ നില്ക്കുന്ന മനുഷ്യനാണ് ഈ ലോകത്തിൽവെച്ച് ഏറ്റവും ശക്തമായ മനുഷ്യൻ!" ആരുടെ വാക്കുകൾ? സന്ദർഭമേത്?

21. "മരിക്കാതിരിക്കാനാണോ പെണ്ണുങ്ങൾ ആവരണമിടുന്നത്? കൊള്ളാം, കൊള്ളാം" - ആരുടെ വാക്കുകൾ? സന്ദർഭമെഴുതുക.

22. കാക്കാരിശ്ശി നാടകം, വെള്ളരിനാടകം എന്നിവയെക്കുറിച്ച് കുറിപ്പെഴുതുക.

**(8 × 2 = 16 Marks)**

III. ഏതെങ്കിലും **ആറു** ചോദ്യത്തിന് **ഒന്നരപ്പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

23. 'ഋതുമതി' നാടകം നമ്പൂതിരിസമുദായത്തിലെ സ്ത്രീകൾക്കുവേണ്ടിയുള്ള മുന്നേറ്റമായിരുന്നു. ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

24. പരിസ്ഥിതിവാദം സാഹിത്യവിഷയമാകുന്നതിനു മുമ്പ് പാരിസ്ഥിതിക പ്രശ്നങ്ങളെ ശാസ്ത്രീയമായി അവതരിപ്പിച്ച കൃതിയാണ് 'ജനശത്രു' - നിരൂപിക്കുക.

25. സ്വപ്നവാസവദത്തം നാടകം അഞ്ചാമങ്കം ക്രിയാംശത്തിന്റെ ചടുലതയിലൂടെ നാടകീയതയുടെ ശ്രേഷ്ഠാവതരണം സാധ്യമാക്കുന്നു എന്ന അഭിപ്രായം പരിശോധിക്കുക.

26. 'കറുത്ത ദൈവത്തെത്തേടി' എന്ന നാടകത്തിലെ ബലിരംഗത്തിന്റെ പ്രമേയപരമായ പ്രസക്തി വ്യക്തമാക്കുക.

27. ഗാർഹിക പ്രശ്നത്തെ അവതരിപ്പിക്കുന്ന പ്രശ്നനിഷ്ഠ നാടകശൈലി 'കന്യക' എന്ന കൃതിയിൽ പ്രകടമാണോ? നിരീക്ഷിക്കുക.

28. എക്സ്പ്രെഷനിസ്റ്റ് നാടകമെന്ന നിലയിൽ 'സമത്വവാദി'യെ വിലയിരുത്തുക.



St. Xavier's College